**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3942** **28-06-2024 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാതാ പദ്ധതിയിൽ ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാതാ പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പാലം പൊളിച്ച പശ്ചാത്തലത്തിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രതിസന്ധികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൃക്കുന്നപ്പുഴ നാവിഗേഷൻ ലോക്ക് പുനർനിർമ്മിക്കുന്നതിനായി പാലം പൊളിച്ചിട്ടുള്ളത് മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ബദൽ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ബി) | പൊളിച്ചുമാറ്റിയ പഴയ പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇതിന്റെ നിർവ്വഹണ ചുമതല ഏത് ഏജൻസി/വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | 38 കോടി രൂപയുടെ പ്രവൃത്തി നടപ്പാക്കുന്നു. മേജർ ഇറിഗേഷൻ ആലപ്പുഴയുടെ മേൽനോട്ടത്തിലാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. പ്രവൃത്തി നിലവിൽ 59 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പുതിയ പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | പൊതുജനങ്ങൾക്കായുള്ള യാത്രാസൗകര്യത്തിനായി ഇരുചക്രവാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കുമായി താൽക്കാലിക ഇരുമ്പുപാലവും, മുച്ചക്ര വാഹനങ്ങൾക്കും, സ്കൂൾ ബസ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്കും ജങ്കാർ സർവ്വീസും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ